Dated : 30/ 08/ 2017

# അശരണർക്ക് സാന്ത്വനം പകർന്ന് സിറ്റി പോലീസിന്റെ ഓണാഘോഷ പരിപാടികൾക്ക് തുടക്കമായി :



സിറ്റി പോലീസ് കമ്മീഷണർ ശ്രീമതി.എസ്.അജീതാ ബേഗം ഐ.പി.എസ് അന്തേവാസികൾക്കൊപ്പം ഓണസദ്യ കഴിക്കുന്നു.



ഓണാഘോഷം അഗതിമന്ദിരത്തിൽ

Thu, 31 August 2017
digitalpaper.mathrubhumi.com/c/21743695

കൊല്ലം : ഓണാഘോഷത്തിന്റെ ഭാഗമായി കൊല്ലം സിറ്റി പോലീസ് ഓഫീസിലെ പോലീസ് ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടെയും ജീവകാരുണ്യപ്രവർത്തന കൂട്ടായ്മയായ 'സാന്ദ്ര'ത്തിന്റെ ആഭിമുഖ്യത്തിൽ കൊല്ലം മുണ്ടയ്ക്കൽ അഗതിമന്ദിരത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. സിറ്റി പോലീസ് കമ്മീഷണർ ശ്രീമതി.എസ്.അജീതാ ബേഗം ഐ.പി.എസ് അന്തേവാസികൾക്കൊപ്പം ഓണസദ്യ കഴിച്ചു. സിറ്റി പോലീസ് ഭരണവിഭാഗം അസിസ്റ്റന്റ് കമ്മീഷണർ ശ്രീ.എൻ.രാജൻ, ഡി.സി.ബി. അസിസ്റ്റന്റ് കമ്മീഷണർ ശ്രീ.എ. അശോകൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.ബി.ഹേമചന്ദ്രൻ തുടങ്ങിയവരും സിറ്റി പോലീസ് ഓഫീസിലെ മറ്റ് നിരവധി പോലീസുദ്യോഗസ്ഥരും മിനിസ്റ്റീരിയൽ ജീവനക്കാരും അന്തേവാസികൾക്കായി ഓണസദ്യ വിളമ്പിയും അവരോടൊപ്പം ഓണസദ്യയുണ്ടും ആഘോഷപരിപാടിയിൽ പങ്കുചേർന്നു.



സിറ്റി പോലീസ് ഭരണവിഭാഗം അസിസ്റ്റന്റ് കമ്മീഷണർ എൻ.രാജൻഅന്തേവാസികൾക്ക് ഓണസദ്യ വിളമ്പുന്നു.

. .